പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 3 8.6.2015 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ശ്രീ.ബാബു.എം.പാലിശ്ശേരി | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുഖ്യമന്ത്രിയുടെ 2015-ലെ ജനസമ്പർക്ക പരിപാടി എത്ര ജില്ലകളിൽ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത ജില്ലകളിൽ നിന്നായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;<br><br>ബി) ഇതിൽ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി കിട്ടുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അറിയിക്കാമോ;<br><br>സി) ഓരോ ജില്ലകളിലും ചികിത്സാ ധനസഹായം അനുവദിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ; | എ+ബി+സി<br><br>കരുതൽ 2015, 13 ജില്ലകളിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കരുതൽ 2015 ൽ ലഭിച്ച പരാതികൾ തരംതിരിച്ച് പരിശോധിക്കുന്ന നടപടികൾ ജില്ലാകളക്ടേറ്റുകളിൽ പുരോഗമിക്കുകയാണ്. ഡേറ്റാഎൻട്രി പൂർത്തിയാകുമ്പോൾ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ. ഇപ്പോൾ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് കരുതൽ 2015 പൂർത്തിയായ ജില്ലകളിൽ ആകെ 3,40,443 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ചികിത്സാ ധനസഹായത്തിനായി ഏകദേശം 81,709 അപേക്ഷകളും, എ.പി.എൽ കാർഡ് ബി.പി.എൽ കാർഡ് ആക്കി കിട്ടുന്നതിനായി ഏകദേശം 27,931 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ചികിത്സാ ധനസഹായം അനുവദിച്ചത് സംബന്ധിച്ച് ഇപ്പോൾ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി) അപേക്ഷയോടൊപ്പം ഡോക്ടറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചാൽ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുമെന്ന മാനദണ്ഡങ്ങൾ നിലനിൽക്കേ, അവശരായ രോഗികളെ ജനസമ്പർക്ക പരിപാടിയിലെത്തിച്ച് ബുദ്ധിമുട്ടിക്കുന്നതിനെതിരെ വിവിധ കോണുകളിൽ നിന്നും പ്രതിഷേധമുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ? | ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരുതൽ 2015 ൽ കിടപ്പിലായ രോഗികളെ ജനസമ്പർക്ക വേദിയിൽ എത്തിക്കേണ്ടതില്ലെന്നും അവരുടെ പ്രതിനിധികൾ മാത്രം വന്നാൽ മതിയെന്നും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകിയിരുന്നു. കിടപ്പിലായ രോഗികളെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ സംഘം വീടുകളിൽ ചെന്ന് സന്ദർശിക്കുകയും രോഗ വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മൂന്നാം ജനസമ്പർക്ക പരിപാടി-കരുതൽ 2015

| ജില്ല | അനുവദിച്ച തുക |
|---|---:|
| തിരുവനന്തപുരം | 4,24,25,000 |
| കൊല്ലം | 5,18,95,500 |
| പത്തനംതിട്ട | 3,63,93,031 |
| ആലപ്പുഴ | 10,17,42,000 |
| കോട്ടയം | 7,37,25,000 |
| ഇടുക്കി | 8,81,39,000 |
| എറണാകുളം | 7,00,00,000 |
| തൃശ്ശൂർ | 8,20,06,500 |
| പാലക്കാട് | നടന്നിട്ടില്ല |
| മലപ്പുറം | 13,67,00,000 |
| കോഴിക്കോട് | 3,82,50,000 |
| വയനാട് | 4,95,40,000 |
| കണ്ണൂർ | 6,61,06,000 |
| കാസർഗോഡ് | 4,41,12,500 |
| ആകെ | 88,10,34,531 |

സെക്ഷൻ ഓഫീസർ